ശബരിമല വാർത്താക്കുറിപ്പ്
05.01.2025
**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

# മകരവിളക്ക് മഹോത്സവം, വാട്ടർ അതോറിറ്റി പൂർണ്ണശേഷിയിൽ ജലശുദ്ധീകരണം ആരംഭിച്ചു.

കേരളാ വാട്ടർ അതോറിറ്റി ശബരിമലയിലെ ജലശുദ്ധീകരണശാലകളുടെ പ്രവർത്തനം പൂർണ്ണശേഷിയിലേക്കുയർത്തി. ശബരിമല തീർത്ഥാടന സീസണിൽ ഭക്തജന പ്രവാഹം സാധാരണ ആയിരിക്കുന്ന ദിവസങ്ങളിൽ 18 മണിക്കൂർ ജലശുദ്ധീകരണമാണ് നടക്കുന്നത്. മകരവിളക്ക് മഹോത്സവകാലത്തെ ഭക്തജനത്തിരക്കിന്റെ ഭാഗമായാണ് 13 ദശലക്ഷം ലിറ്ററിന്റെ ജലശുദ്ധീകരണശേഷി പൂർണ്ണമായി വിനിയോഗിക്കാൻ 24 മണിക്കൂർ ഉത്പാദനം ആരംഭിച്ചതെന്ന് വാട്ടർ അതോറിറ്റി പമ്പ അസിസ്റ്റന്റ് എഞ്ചിനീയർ പ്രദീപ്കുമാർ എം.എസ്. അറിയിച്ചു.

റിവേഴ്സ് ഓസ്മോസിസ് (RO) സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയാണ് ശബരിമലയിൽ ഭക്തജനങ്ങൾക്കായി കുടിവെള്ളം ഉൽപ്പാദിപ്പിക്കുന്നത്. അൾട്രാ വയലറ്റ് (UV) രശ്മികൾ ഉപയോഗിച്ച് ജലം അണുവിമുക്തമാക്കി KWA യുടെ വാട്ടർ കിയോസ്കുകളിലൂടെ ഭക്തർക്ക് വിതരണം ചെയ്യും. 35000 ലിറ്റർ ശുദ്ധജലമാണ് ഇത്തരത്തിൽ പമ്പമുതൽ സന്നിധാനം വരെ വിതരണം ചെയ്യുന്നത്. ഇതിനായി 5000 ലിറ്റർ ശേഷിയുള്ള 13 RO പ്ലാന്റുകളാണ് ഉള്ളത്. കൂടാതെ നിലക്കലിൽ 1000 ലിറ്റർ കപ്പാസിറ്റി ഉള്ള 26 പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തിക്കുകയാണ്.

പമ്പ ത്രിവേണിയിലുള്ള ഇൻടേക്ക് പമ്പ്ഹൗസിൽ നിന്നുമാണ് ജലശുദ്ധീകരണത്തിനുള്ള റോവാട്ടർ ശേഖരിക്കുന്നത്. പ്രകൃതിദത്തമായി ഏറ്റവും മികച്ച വെള്ളമാണ് ഇതെന്നാണ് പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നതെന്ന് പമ്പ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നു. പ്രഷർ ഫിൽട്രേഷൻ നടത്തി

അണുവിമുക്തമാക്കിയാണ് ഇത് വിതരണം ചെയ്യുന്നത്. സന്നിധാനത്ത് 8 ദശലക്ഷം ലിറ്ററിന്റെയും പമ്പയിൽ 5 ദശലക്ഷം ലിറ്ററിന്റെയും വിതരണശേഷിയാണ് വാട്ടർ അതോറിറ്റിക്കുള്ളത്. 2024 ൽ NABL സർട്ടിഫിക്കേഷൻ ലഭിച്ച പമ്പയിലെ ടെസ്റ്റിങ് ലബോറട്ടറിയിൽ അസംസ്കൃത ജലവും ശുദ്ധജലവും പരിശോധനക്ക് വിധേയമാക്കുന്നുണ്ട് എന്നും അദ്ദേഹം പറഞ്ഞു. ശുദ്ധീകരിച്ച ജലം നീലിമല ബോട്ടം 2 ലക്ഷം ലിറ്റർ, നീലിമല ടോപ്പ് 2 ലക്ഷം ലിറ്റർ, അപ്പാച്ചിമേട് 2 ലക്ഷം ലിറ്റർ, ശരംകുത്തി 6 ലക്ഷം ലിറ്റർ സമ്പുകളിൽ ശേഖരിച്ചാണ് വിതരണം ചെയ്യുന്നത്. മകരവിളക്ക് സമയത്ത് ഈ ജലസംഭരണികൾ പൂർണ്ണശേഷി നിലനിർത്തും.

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി നിലക്കലിലേക്കുള്ള ടാങ്കർ മുഖേനയുള്ള ജലവിതരണം പ്രതിദിനം 1700 കിലോ ലിറ്ററിൽനിന്ന് 2000 കിലോ ലിറ്റർ ആയി ഉയർത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പമ്പ സെക്ഷനിൽ നിലവിൽ 180 ജീവനക്കാരാണ് മൂന്ന് ഷിഫ്റ്റുകളിലായി ജലശുദ്ധീകണവും വിതരണവും നടത്തുന്നത്.

## ശബരിമലയിലെ പുള്ളുവൻ പാട്ട്: ഐതീഹ്യങ്ങളും പാരമ്പര്യവും ഇഴചേരുന്ന അനുഷ്ഠാനകല

ശബരിമലയിലെ മാളികപ്പുറത്തെ ചിത്രകൂടത്തിനു മുന്നിൽ എല്ലാ വർഷവും അരങ്ങേറുന്ന പുള്ളുവൻ പാട്ട് അനുഷ്ഠാനപരമായ സ്ഥാനം അലങ്കരിക്കുന്ന ഒരു പാരമ്പര്യകലാരൂപമാണ്. സർപ്പാരാധന സങ്കൽപത്തിൽപ്പെടുന്നതാണ് ഈ അനുഷഠാനകല. പ്രദേശ വ്യത്യാസമനുസരിച്ച് സർപ്പപ്പാട്ട്, പുള്ളുവൻ പാട്ട്, നാഗപ്പാട്ട് എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ ഇത് അറിയപ്പെടുന്നു.അയ്യപ്പഭക്തർ ഇതിന് വിശേഷാൽ പ്രാധാന്യം കൽപ്പിക്കുന്നുണ്ട്. ഇവിടെ പുള്ളുവൻ പാട്ട് അർപ്പിക്കുന്നതിലധികവും മലയാളികളാണ്. മണികണ്ഠന് ദോഷങ്ങൾ മാറുന്നതിനായി പന്തള രാജാവ് പുള്ളുവൻപാട്ട് സമർപ്പിച്ചു എന്നും ഐതിഹ്യമുണ്ട്. പുള്ളുവൻപാട്ട് അയ്യപ്പഭക്തരുടെ സർപ്പദോഷം, നാവ് ദോഷം കണ്ണ് ദോഷം ബാധാദോഷം തുടങ്ങിയവയെ ശമിപ്പിക്കുന്നു എന്നാണ്

വിശ്വാസം. കുട്ടികളുണ്ടാവുന്നതിനും വീടിന്റെ ഐശ്വര്യത്തിനും പുള്ളുവൻപാട്ട് പാടുന്നു.

പുള്ള് എന്ന പക്ഷിയിൽനിന്ന് ഉണ്ടാകുന്ന ദോഷം കുട്ടികളെ ബാധിക്കുമെന്നും പുള്ളുവർ വീണമീട്ടി പാടിയാൽ ഇതിന് ശമനമുണ്ടാകും എന്നുമുള്ള ഐതീഹ്യമാണ് ഇതിന് പുള്ളുവൻപാട്ട് എന്ന പേര് വരാൻ കാരണമെന്ന് 2011 മുതൽ ശബരിമലയിൽ പുള്ളുവൻപാട്ട് പാടുന്ന പെരുമ്പാവൂർ വേങ്ങോല സ്വദേശിയായ എം.ജി. സുരേഷ് പറഞ്ഞു. നാരദ ശ്രീകൈലാസവീണ , ബ്രഹ്മകൈക്കുടം , വിഷ്ണുകൈത്താളം എന്നിവയാണ് ഈ  അനുഷ്ഠാനകലയിൽ ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ. ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാരിൽ നിന്നാണ് ഈ സംഗീതോപകരണങ്ങൾ ഇവർക്ക് ലഭിച്ചതെന്നാണ് ഐതിഹ്യം.

പ്ലാവ്, ആഞ്ഞിലി തുടങ്ങിയ വൃക്ഷങ്ങളുടെ തായ് വേരിൽ നിന്നാണ് പുള്ളുവർ വീണ നിർമിക്കുന്നത്. കളം വരയോടുകൂടിയും അനുഷ്ഠിക്കാറുണ്ട്. പുള്ളുവവംശത്തിൽ ഈ അനുഷ്ഠാനകല പാരമ്പര്യമായി കൈമാറിക്കിട്ടിയ ആലപ്പുഴ, തൃശൂർ, എറണാകുളം ജില്ലകളിൽ നിന്നെത്തിയ പുഷ്കരൻ, സജീവ്, ജയറാം, സന്തോഷ്, സുരേഷ്, ബിജു എന്നിവരാണ് ഇപ്പോൾ മാളികപ്പുറത്ത് പാട്ട് അവതരിപ്പിക്കുന്നത്.  അനുഷ്ഠാനത്തിന്റെ നിറവിൽ പുള്ളുവൻപാട്ട് എന്ന പാരമ്പര്യകലാരൂപം കാലാതിവർത്തിയായി ശബരിമലയിൽ നിലകൊള്ളുകയാണ്.

## ശബരിമലയിൽ തിങ്കളാഴ്ച (06.01.2025) ചടങ്ങുകൾ

..............

പുലർച്ചെ

3ന് നട തുറക്കൽ.. നിർമ്മാല്യം

3.05ന് അഭിഷേകം

3.30ന് ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ  11 മണി  വരെയും  നെയ്യഭിഷേകം

7.30ന് ഉഷപൂജ
12ന് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
3 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
തുടർന്ന് പുഷ്പാഭിഷേകം
9.30ന് അത്താഴ പൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കൽ